# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3562 12.12.2014-ലെ മറുപടിയ്ക്ക്

**ചേർത്തല മണ്ഡലത്തിലെ വികസനത്തിന് ആസ്തി വികസനഫണ്ടിൽ നിന്നും അനുവദിച്ച തുക കൈമാറുന്നതിലുണ്ടായ കാലതാമസം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് 16.09.2014-ൽ D1.1518/2014 നമ്പരായി ആലപ്പുഴ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ അയച്ചിരുന്ന ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെട്ട 9 റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്ക് മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് 16.07.2014-ൽ ഭരണാനുമതി ലഭിച്ച ജോലികളുടെ ഫണ്ട് റിക്വസ്റ്റ് ചീഫ് എഞ്ചിനീയർ പാസാക്കാത്തത് എന്തുകാരണത്താലാണെന്ന് പറയാമോ; പ്രസ്തുത ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് എന്നാണെന്ന് പറയാമോ; | (എ) | ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 16.09.2014-ലെ അപേക്ഷയിൽ 03.06.2014-ലെ സർക്കുലർ നം.54/2014/ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ സമർപ്പിക്കാത്തതിനാലാണ് പൊതുമരാമത്ത് വകുപ്പിലേക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായത്; പ്രസ്തുത ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് 26.09.2014-ൽ ആണ്. |

| | | | |
|---|---|---|---|
| (ബി) | ഈ ഫയൽ ചീഫ് എഞ്ചിനീയർക്ക് ലഭിക്കുമ്പോൾ ഫണ്ട് പൊതുമരാമത്തിന് കൈമാറുന്നത് സംബന്ധിച്ച എന്തെങ്കിലും വിലക്കുകളോ ഉത്തരവുകളോ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) | 03.06.2014-ലെ സർക്കുലർ നം. 54/2014/ഫിൻ നിലവിലുണ്ടായിരുന്നു. |
| (സി) | ചേർത്തല മണ്ഡലത്തിലെ വികസനത്തിന് മനപ്പൂർവ്വമായ കാലതാമസം വരുത്തുന്നതിനായി പൊതുമരാമത്തിന് ഫണ്ട് കൈമാറാൻ തടസ്സം നിന്ന എൽ.എസ്.ജി.ഡി.ചീഫ് എഞ്ചിനീയർ ഓഫീസിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരവും ഔദ്യോഗിക മേൽവിലാസവും നൽകുമോ; ഇവർക്കെതിരെ അടിയന്തിര നിയമനടപടി സ്വീകരിക്കുമോ? | (സി) | എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഈ വിഷയത്തിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. ആവശ്യമായ രേഖകൾ ലഭ്യമാകാതിരുന്നതിനാലാണ് തുക യഥാസമയം അലോട്ട് ചെയ്യാൻ സാധിക്കാത്തത്. ചേർത്തല നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനായി തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അലോട്ട് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**